# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 3347

09.04.2013 -ലെ മറുപടിക്ക്

## യു.ജി.സി. ലൈബ്രേറിയൻ പോസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു. | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ലൈബ്രേറിയൻമാരുടെ നിലവാരം നിർണ്ണയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ലൈബ്രേറിയൻമാരുടെ നിലവാരം നിർണ്ണയിക്കുന്നത് കാലാകാലങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും സ്പെഷ്യൽ റൂളുകളുടെയും അടിസ്ഥാനത്തിലാണ്. |
| (ബി) കേരളത്തിലെ മുഴുവൻ ഗവൺമെന്റ് കോളേജുകളിലും യു.ജി.സി. ലൈബ്രേറിയൻ പോസ്റ്റ് അനുവദിച്ചിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ എത്ര കോളേജുകളിൽ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം കോളേജുകളിലാണെന്നും വ്യക്തമാക്കുമോ ; മുഴുവൻ കോളേജുകളിലും അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | (സി) 12 കോളേജുകളിൽ. അവ<br>1. ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം<br>2. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം<br>3. ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം<br>4. ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം<br>5. മഹാരാജാസ് കോളേജ്, എറണാകുളം<br>6. ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി<br>7. ഗവ. കോളേജ്,ചിറ്റൂർ<br>8. വിക്ടോറിയ കോളേജ്, പാലക്കാട്<br>9. ഗവ. കോളേജ്, മടപ്പള്ളി<br>10. ഗവ. ആർട്സ്ആന്റ് സയൻസ് കോളേജ്, കോഴിക്കോട്<br>11. ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി<br>12. ഗവ. കോളേജ്, കാസർകോട്<br>ലൈബ്രറി സയൻസ് സർവ്വീസ് റൂൾ |

ഗവ. കോളേജ് എന്ന പേരിൽ ഒരു സ്പെഷ്യൽ റൂൾ തയ്യാറാക്കി അതിൽ യോഗ്യതയുള്ള ലൈബ്രേറിയൻമാരുടെ പട്ടിക തയ്യാറാക്കി മുഴുവൻ ഗവ. കോളേജു കളിലേയും യു.ജി.സി. ലൈബ്രേറിയൻമാരെ കോമൺപൂൾ ലൈബ്രറി സ്കീമിൽ നിന്നും നൽകാനാണ് 09.04.1991 -ലെ ജി.ഒ.(പി)87/91/H.Edn ഉത്തരവുപ്രകാരം തീരുമാനിച്ചിരുന്നത് സ്പെഷൽ റൂൾ തയ്യാറാകാത്തതാണ് മുഴുവൻ കോളേജുകളിലും യു.ജി.സി. ലൈബ്രേറിയൻമാരെ നൽകാത്തതിന് കാരണം.

(ഡി) എയ്ഡഡ് മേഖലയിലെ മുഴുവൻ കോളേജുകളിലും ജി.ഒ.(എം.എസ്.)50/2008 / എച്ച്.ഇ.ഡി.എൻ. തീയതി 9-5-2008 എന്ന ഉത്തരവ് പ്രകാരം 2004 മുതൽ മുൻകാല പ്രാബല്യത്തോടെ യു.ജി.സി. ലൈബ്രേറിയൻ പോസ്റ്റ് അനുവദിക്കുകയും ഗവൺമെന്റ് കോളേജുകളിൽ പ്രസ്തുത പോസ്റ്റിന്റെ ഗ്രേഡ് താഴ്ത്തുകയും ചെയ്ത നടപടി മാനദണ്ഡങ്ങൾക്ക് വിരുദ്ധവും പക്ഷപാതപരവും ഭരണഘടനാപ്രകാരം മൗലികാവകാശങ്ങളുടെ ലംഘനവുമാണെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീക രിക്കുമോ ; വിശദാംശങ്ങൾ നൽകുമോ?

(ഡി) 2008 -ൽ എയ്ഡഡ് കോളേജുകളിൽ നിലനിന്നിരുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജി.ഒ.(എം.എസ്.)50/08/ ഉവിവ പ്രകാരം ടി കോളേജുകളിൽ യു.ജി.സി. ലൈബ്രേറിയൻ പോസ്റ്റ് അനുവദിച്ചത് ജി.ഒ.(പി)392/10/ഉവിവ തീയതി : 10.12.2010 പ്രകാരം നടപ്പിലാക്കിയ യു.ജി.സി. റെഗുലേഷൻസ് പ്രകാരം യു.ജി.സി. നൽകുന്നതിൽ ഇളവുകളൊന്നും അനുവദനീയമായിരുന്നില്ല. അതിനാലാണ് ഗവ. കോളേജുകളിൽ ടി ആനുകൂല്യം അനുവദിക്കാതിരുന്നത്.

സെക്ഷൻ ഓഫീസർ.